എമ്മാവൂസ്
# വചനദൂത്
Vol. IX Issue :13




# വിതക്കാരന്റെ ഉപമ

**മത്തായി 13:1–9; 18–23**
**നിയമ. 7:7–11, ഏശയ്യ 30: 18–26**
**2 തെസ. 2:15–3:3**

ബ്രദർ റിച്ചാർഡ് വാരിക്കാശ്ശേരി

എന്തുകൊണ്ട് ദൈവം ചിലരെ പ്രത്യേകമായി തിരഞ്ഞെടുക്കുകയും വിശേഷവിധിയായ അനുഗ്രഹങ്ങൾ നൽകി സമ്പന്നരാക്കുകയും ചെയ്യുന്നു എന്ന ചോദ്യം എക്കാലത്തും ചിന്തിക്കുന്ന മനുഷ്യന് പ്രശ്നമായിത്തീർന്നിട്ടുണ്ട്. ഇത് വ്യക്തികളുടെ കാര്യത്തിലും സമൂഹങ്ങളുടെ കാര്യത്തിലും വാസ്തവമാണ്. എല്ലാം ദൈവേഷ്ടംപോലെ സംഭവിയ്ക്കുന്നു എന്ന അടിസ്ഥാനവിശ്വാസം മുറുകെ പിടിക്കുന്നവരെയാണ് ഈ ചോദ്യം കുഴയ്ക്കുന്നത്. ഈ ചോദ്യത്തിന് പഴയ നിയമം നൽകുന്ന ഉത്തരമാണ് ഇന്നത്തെ വായനയിൽ നമ്മൾ കാണുന്നത്.

തങ്ങൾ മറ്റുള്ളവരെക്കാൾ മെച്ചപ്പെട്ടവരായതുകൊണ്ടാണ് ദൈവം തങ്ങളെ തിരഞ്ഞെടുത്ത് സ്വന്തം ജനമാക്കിയത് എന്ന ചിന്ത യഹൂദരിൽ ഒരു വലിയ വിഭാഗത്തിനുണ്ടായിരുന്നു. വിജാതീയരോടുള്ള അവരുടെ മനോഭാവത്തിൽ ഇത് പ്രകടമായിരുന്നു. വിജാതീയരോടു മാത്രമല്ല, യഹൂദവംശത്തിൽപ്പെട്ടവരെങ്കിലും നിയമങ്ങൾ കൃത്യമായി അനുഷ്ഠിക്കാത്തവരോടും ഈ മനോഭാവം തന്നെയാണ് അവർ വച്ചു പുലർത്തിയിരുന്നത്. ദേവാലയത്തിൽ പ്രാർത്ഥിക്കാൻ പോയ ഫരിസേയൻ, ചുങ്കക്കാരനെക്കുറിച്ച് നടത്തുന്ന പരാമർശങ്ങൾ നമുക്ക് അറിവുള്ളതാണല്ലോ (ലൂക്കാ 18:11–17) ഇങ്ങനെയുള്ളവരെ പാപിയും ശപിക്കപ്പെട്ടവരുമായിട്ടാണ് അവർ കരുതിയിരുന്നത്.

എന്നാൽ ദൈവം ഇസ്രായേലിനെ തിരഞ്ഞെടുത്തതും നിയമം നൽകി അവരെ വഴി നടത്തുന്നതുമെല്ലാം ദൈവത്തിന്റെ കാരുണ്യം ഒന്നുകൊണ്ടുമാത്രമാണെന്ന് ഇന്നത്തെ വായന നമ്മെ ഓർമ്മപ്പെടുത്തുന്നു. പ്രവാചകന്മാരുടെ പ്രബോധനങ്ങളിൽ ദൈവം യാക്കോബിനെ തിരഞ്ഞെടുത്തത് ജനങ്ങൾക്ക് പ്രകാശമായിത്തീരേണ്ടതിനാണ് എന്ന് കാണാം (ഏശ. 42:7). തിരഞ്ഞെടുപ്പ് ആനുകൂല്യമല്ല, ഉത്തരവാദിത്വമാണ്. താലന്തുകളുടെ ഉപമ ഈയവസരത്തിൽ വളരെ പ്രസക്തമാണ് (മത്തായി 25: 11–26). കൂടുതൽ നൽകപ്പെട്ടവരിൽനിന്ന് ദൈവം കൂടുതൽ പ്രതീക്ഷിക്കുന്നു. ഇത് വ്യക്തിയുടെയും സമൂഹങ്ങളുടെയും കാര്യത്തിൽ വാസ്തവമാണ്. ദൈവത്തിന്റെ പ്രിയദാസനായ മോശയ്ക്ക്

വാഗ്ദത്ത ഭൂമിയിൽ പ്രവേശിക്കാൻ സാധിക്കാതെ പോയത് ദൈവത്തെ മുഖാമുഖം ദർശിച്ച് ദൈവാനുഭവത്തിന്റെ മല യിറങ്ങിവന്നപ്പോൾ അവിടുത്തെ പരമപരിശുദ്ധി ജനത്തിനു മുൻപിൽ വേണ്ടവിധം സാക്ഷിക്കുവാൻ പരാജയപ്പെട്ടതു കൊണ്ടാണ്. അതുകൊണ്ട് പ്രിയമുള്ള സഹോദരങ്ങളെ നമുക്ക് ലഭിച്ചിരിക്കുന്ന ദൈവീകാനുഭവങ്ങളെ മറ്റുള്ളവരി ലേയ്ക്കു പകരാൻ ഏത് പ്രതികൂലസാഹചര്യത്തിലും എന്തുവിലകൊടുത്തും നമ്മൾ സന്നദ്ധരാകണം.

ഈ സാഹചര്യത്തിൽ ഇന്നത്തെ സുവിശേഷം നാം ശ്രദ്ധിച്ചു മനസ്സിലാക്കണം. യേശു സുപ്രധാനമായ പ്രബോ ധനങ്ങൾ ഉപമകളിലൂടെയാണ് നൽകിയിരിക്കുന്നത്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് 'വിതക്കാരന്റെ ഉപമ'. ഈ ഉപമയുടെ പേരുതന്നെ വിതക്കാരന്റെ സ്വഭാവത്തെയും മനോഭാവങ്ങളെയും കൂടുതൽ തീക്ഷ്ണതയോടെ ധ്യാന വിഷയമാക്കാൻ നമ്മെ ക്ഷണിക്കുന്നുണ്ട്.

യേശു പറയുന്ന കഥയിലെ വിതക്കാരൻ നമ്മുടെ കാഴ്ച പാടിൽ ബുദ്ധിമാനും, സമർത്ഥനുമായ വിതക്കാരനോ, അതോ നല്ല വിതക്കാരനോ? കൃഷിയിടങ്ങളിൽ വിത്ത് വിത യ്ക്കുന്നവരെല്ലാവരും ചുരുങ്ങിയ അർത്ഥത്തിൽ വിതക്കാ രാണെങ്കിലും ഉപമയിലെ സൂചനപ്രകാരം ഒരാൾ വിത യ്ക്കാൻ പോയി എന്നല്ല മറിച്ച് 'വിതക്കാരൻ'വിതയ്ക്കാൻ പുറപ്പെട്ടു എന്നാണ് പറയുക. അതായത് വർഷങ്ങളോളം വിതയ്ക്കലിൽ പരിചയമുള്ള പ്രഫഷണലായ ഒരു വിത ക്കാരനാണ് എന്ന് വ്യക്തം. പക്ഷെ എന്ത് സംഭവിച്ചു? വിത ച്ചതെല്ലാം വഴിയരികിലും, പാറപ്പുറത്തും, മുൾച്ചെടികൾക്കി ടിയിലും, നല്ല നിലത്തുമായി വീഴുന്നു. നാലിലൊന്ന് മാത്രമേ നല്ല മണ്ണിൽ പതിക്കുന്നുള്ളു. അറിവും പരിചയ സമ്പത്തുമുള്ള ഒരു വിതക്കാരന് സംഭവിക്കാൻ പാടില്ലാത്ത വീഴ്ചയാണിത്. വിത്ത് മുളച്ച് വളരാൻ അനുകൂലമായ നിലവും അന്തരീക്ഷവും തിരിച്ചറിയുന്നവനാണ് വിതക്കാ രൻ. പക്ഷെ, എന്നിട്ടും അവൻ പ്രതികൂലമായ ഇടങ്ങ ളിൽപോലും വിത്തുകൾ വീഴാൻ ബോധപൂർവ്വം അനുവ ദിക്കുന്നു.

നാമൊക്കെ ക്രിസ്തുവിന്റെ വാക്കിന്റെയും ജീവിതത്തി ന്റെയും വിതക്കാരാണ്. അനുകൂലമായ അന്തരീക്ഷത്തിൽ മാത്രമല്ല ഒരാൾ വചനവിത്ത് വിതയ്ക്കേണ്ടത്. ഇന്നത്തെ ലേഖനഭാഗത്ത് വി.പൗലോസ് തെസലോനിക്കയിലെ സഭ യോട് വയ്ക്കുന്ന ഒരു പ്രാർത്ഥനാ അഭ്യർത്ഥനയുണ്ട്. "കർത്താവിന്റെ വചനത്തിന് നിങ്ങളുടെയിടയിൽ ലഭിച്ചതു പോലെ മറ്റെല്ലായിടത്തും പ്രചാരവും മഹത്വവും ലഭിക്കു ന്നതിനും ദുഷ്ടന്മാരും അധർമ്മികളുമായ മനുഷ്യ രിൽനിന്നും ഞങ്ങൾ രക്ഷപ്പെടുന്നതിനുമായി ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുവിൻ" (2 തെസ. 3: 1-2). വെല്ലുവിളി കൾ ഏറ്റെടുക്കുന്ന ഒരു സുവിശേഷ പ്രഘോഷകൻ.

നല്ല വിളവും ഫലവും ഉറപ്പുള്ളപ്പോൾ മാത്രം നടത്തേണ്ട പുണ്യകർമ്മമല്ല ദൈവരാജ്യ പ്രഘോഷണവും, സാക്ഷ്യ ജീവിതവും. വളർച്ചയ്ക്ക് എല്ലാ സംരക്ഷണവും മുൻകൂർ അച്ചാരമായി ലഭിച്ചാൽ മാത്രം തുടങ്ങേണ്ടതല്ല സുവിശേഷ മൂല്യങ്ങളുടെ പങ്കുവയ്ക്കൽ. എല്ലാ തരത്തിലുമുള്ള സ്ഥാപനവത്കരണത്തിന് ശേഷം യാഥാർത്ഥ്യമാക്കേണ്ട തല്ല സുവിശേഷവൽക്കരണം. ഒട്ടും പ്രതീക്ഷയില്ലാത്തിട ത്തും, പ്രതികൂലമായ അന്തരീക്ഷത്തിലും, എതിർപ്പുകൾക്കി ടയിലും എന്റെയും നിങ്ങളുടെയും ഒക്കെ ജീവിതത്തിൽ സൂക്ഷിപ്പിൽനിന്ന് ബോധപൂർവ്വം സുവിശേഷത്തിന്റെയും ക്രിസ്തുസാക്ഷ്യത്തിന്റെയും കാമ്പുള്ള വിത്തുകൾ ചുറ്റു മുള്ള ജീവിതങ്ങളിൽ നിക്ഷേപിക്കണം. അപ്പോഴാണ് നാം വചനത്തിന്റെ നല്ല വിതക്കാരായി മാറു. ബുദ്ധിമാന്മാരായ വിതക്കാരായില്ലെങ്കിലും.

കഥയിലെ വിതക്കാരന്റെ മനോഭാവം എടുത്തു പറയേണ്ട താണ്. ഓർക്കണം നാലിൽമൂന്ന് ഭാഗം വിത്തുകളും കഠി നാദ്ധ്വാനവും പാഴായി. വിത്തുകൾ ഒന്നുകിൽ മുളച്ചില്ല, മുള ച്ചത് വളർന്നില്ല, വളർന്നത് ഫലം ചൂടിയില്ല. വിത്ത് വിലപ്പെ ട്ടതാണ്. വിതയ്ക്കൽ പ്രയ്തനം ആവശ്യപ്പെടുന്ന ഒരു കർമ്മ മാണ്. വിതക്കാരന്റെ കായികമായ ഊർജ്ജവും സമയവും അതിലുണ്ട്. ചുരുക്കത്തിൽ വിതക്കാരന്റെ നാലിലൊന്ന് പ്രയത്നം മാത്രമാണ് ഫലമണിയുന്നത്. ഇന്നത്തെ കമ്പോള മാനദണ്ഡങ്ങളനുസരിച്ച് വമ്പിച്ച നഷ്ടം. പക്ഷെ വിതക്കാ രൻ അക്ഷോഭ്യനാണ്, നിരാശപ്പെടുന്നില്ല, പഴിക്കുന്നില്ല, ആത്മഹത്യ ചെയ്യുന്നില്ല. വിതക്കാരന്റെ സന്തോഷം നല്ല നിലത്ത് വീണ് വിളഞ്ഞ നൂറും അറുപതും മുപ്പതും മേനി വിളവിലാണ്.

ജീവിതത്തിന്റെ കൃഷിയിടങ്ങളിൽ സൂക്ഷിക്കേണ്ട വലിയ പാഠം വിതക്കാരൻ പറഞ്ഞുതരുന്നുണ്ട്. പാഴായ നാലിൽ മൂന്നിലേക്കല്ല വിളവ് നൽകിയ നാലിൽ ഒന്നിലേക്കാണ് നമ്മുടെ കണ്ണ് പതിയേണ്ടത്. ജീവിതത്തിൽ 'കണക്ക് കൂട്ടാൻ' നന്നായി പഠിച്ചവരാണ് നാം. അതുകൊണ്ട് കണക്കും കണക്ക് കൂട്ടലുകളും പാളിയാൽ ജീവിതം പൊട്ടി യെന്ന് വിചാരിക്കുന്നവരുമാണ്. അങ്ങനെ കരുതുന്നവരുടെ എണ്ണം കൂടിവരികയാണ്. വെറുതയല്ലല്ലോ കേരളം ലോക ത്തിന്റെ മുമ്പിൽ ആത്മഹത്യ മുനമ്പായി എണ്ണപ്പെട്ടത്. സാക്ഷരതയുടെ കണക്കിൽ നാം നെഞ്ചുയർത്തി ഞെളി യുമ്പോൾ ജീവിതത്തിന്റെ കണക്ക് കൂട്ടലുകളുടെ പരാജ യങ്ങളിൽ നാം തലകുനിക്കേണ്ടി വരുന്നു.

അതുകൊണ്ട് പ്രിയമുള്ള സഹോദരങ്ങളെ നമ്മുടെ കാഴ്ച പ്പാടുകളിൽ മാറ്റം വരുത്തേണ്ടിയിരിക്കുന്നു. എന്തിലും ഏതിലും നന്മയുടെ വശം കണ്ടെത്തുവാൻ നമുക്ക് സാധി ക്കണം. അപ്പോൾ മാത്രമാണ് ജീവിതത്തിന്റെ പരുപരുത്ത യാഥാർത്ഥ്യങ്ങളുടെ പിന്നിലെ ദൈവത്തിന്റെ മനസ്സ് നമുക്ക് സ്വന്തമാക്കുവാൻ സാധിക്കുകയുള്ളൂ. വി. ഫ്രാൻസിസ് ഡി. സാലെസ് ഇതിന് ഉത്തമ ഉദാഹരണമാണ്. വിശുദ്ധൻ എല്ലാ ത്തിലും നന്മയുടെ വശം കണ്ടെത്തിയിരുന്നു. കുറ്റമോ പര ദൂഷണമോ ഒരിക്കലും പറയുമായിരുന്നില്ല. ഇദ്ദേഹത്തെ ക്കൊണ്ട് ഒരു കുറ്റമെങ്കിലും പറയിക്കണം എന്ന വാശിയിൽ ഒരു വ്യക്തി അദ്ദേഹത്തോടൊപ്പം വൈകിട്ട് നടക്കുവാൻ ഇറങ്ങി. പല പരിശ്രമങ്ങൾ പാഴായതിനൊടുവിൽ അവരുടെ വഴിമദ്ധ്യേ ചത്ത് ജീർണ്ണിച്ചുകിടക്കുന്ന ഒരു നായയുടെ ശരീരം ചൂണ്ടിക്കാണിച്ചുകൊണ്ട് അയാൾ പറഞ്ഞു. "ഹോ, എത്ര ശോചനീയം, ദുർഗന്ധം വമിക്കുന്നു". വിശുദ്ധൻ അങ്ങോട്ട് നോക്കിയിട്ട് പറഞ്ഞു "നോക്കൂ, എത്ര മനോഹര മായ പല്ലുകളാണ് അതിനുള്ളത്, ഇപ്പോഴും അതിന്റെ ശോഭ മങ്ങിയിട്ടില്ല."

സ്നേഹം നിറഞ്ഞവരെ ഏത് പ്രതികൂലസാഹചര്യത്തിലും നന്മയുടെ വചനം വിതയ്ക്കുന്ന നല്ല വിതക്കാരന്റെ തല ത്തിലേയ്ക്ക് നമുക്ക് വളരണമെങ്കിൽ ഒരു ക്രിസ്ത്യാ നിയെന്ന, ഒരു അപ്പനെന്ന, അമ്മയെന്ന, മകനെന്ന, മകളെന്ന, വൈദികനെന്ന, സമർപ്പിതയെന്ന നിലയിൽ മറ്റുള്ളവർ എന്തു വിചാരിക്കുമെന്നു കരുതി നമ്മുടെ ജീവിതത്തെ ക്രമ പ്പെടുത്തിയിട്ട് കാര്യമില്ല. ഇവിടെയെല്ലാം മാനുഷീക ബല നഹീനതകൾ നമ്മെ നമ്മുടെ തീരുമാനങ്ങളെ തളർത്തും, അസംതൃപ്തരാക്കും. ആയതിനാൽ സ്വയം മറന്ന് ദൈവ സ്നേഹത്തെ പ്രതി വചനത്തിന് സാക്ഷികളാകാൻ നമുക്ക് പരിശ്രമിക്കാം. ദൈവസ്നേഹം അതിന് നമ്മെ നിർബന്ധി ക്കട്ടെ.

ആമ്മേൻ